**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3800** **06-08-2021 - ൽ മറുപടിയ്ക്ക്**

**വീരശൈവ വിഭാഗത്തിന് ഒ. ബി. സി. സർട്ടിഫിക്കറ്റ് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പരമ്പരാഗത പപ്പട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വിഭാഗത്തിന് വീരശൈവ ഒ. ബി. സി. സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ച് ഗസറ്റ് വിജ്ഞാപന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പരമ്പരാഗത പപ്പട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വീരശൈവയിലെ അവാന്തര വിഭാഗങ്ങൾക്ക് ഒ.ബി.സി. പദവി നൽകുന്ന വിഷയം പിന്നാക്ക വിഭാഗ കമ്മീഷന്റെ 88/സി/2009/കെ.എസ്.സി.ബി.സി. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് കമ്മീഷൻ നടത്തി വന്നിരുന്ന സിറ്റിംഗുകൾ 22/07/2021 -ന് പൂർത്തിയായിട്ടുണ്ട്. ഉപദേശം സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) | കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വിഭാഗക്കാരെ വീരശൈവ ഒ. ബി. സി. യായി പരിഗണിക്കണമെന്ന് പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി (2016-2019)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പരമ്പരാഗത പപ്പട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുരുക്കൾ/ഗുരുക്കൾ/ചെട്ടി/ചെട്ടിയാർ എന്നീ വീരശൈവയിലെ അവാന്തര വിഭാഗങ്ങൾക്ക് ഒ.ബി.സി. പദവി നൽകുന്ന വിഷയം പിന്നാക്ക വിഭാഗ കമ്മീഷന്റെ 88/സി/2009/കെ.എസ്.സി.ബി.സി. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് കമ്മീഷൻ നടത്തി വന്നിരുന്ന സിറ്റിംഗുകൾ 22/07/2021 -ന് പൂർത്തിയായിട്ടുണ്ട്. ഉപദേശം സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ പട്ടികയിൽ പ്രസ്തുത വിഭാഗക്കാരെ ഉൾപ്പെടുത്തിയതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ നിലവിലുള്ള സംവരണേതര വിഭാഗങ്ങളുടെ പട്ടിക അംഗീകരിച്ച് 03/06/2021 -ലെ സ.ഉ.(എം.എസ്) 114/2021/പൊ.ഭ.വ. പ്രകാരവും കൂടാതെ ടി പട്ടികയിൽ പിന്നീട് ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു. ടി പട്ടികയിൽ കുരുക്കൾ/ |

| | | | |
|---|---|---|---|
| | | | ഗുരുക്കൾ/ചെട്ടിയാർ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ